പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3593 — 23.06.2014-ൽ മറുപടിയ്ക്ക്

## സ്പോർട്സ് നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.ജെയിംസ് മാത്യൂ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സർക്കാരിന്റെ സ്പോർട്സ് നയം വിമർശിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) സ്പോർട്സ് കൗൺസിലിന്റെ ഒടുവിൽ നടന്ന ജനറൽ ബോഡി യോഗത്തിൽ ഉയർന്നുവന്ന വിമർശനങ്ങൾ എന്തെല്ലാമായിരിന്നു ; | (ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കഴിഞ്ഞ ജനറൽ ബോഡി യോഗത്തിൽ സ്പോർട്സ് നയത്തെ സംബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും, ജില്ലാ സ്പോർട്സ് കൗൺസിലുകളും സ്പോർട്സ് സെമിനാർ നടത്തി സ്പോർട്സ് നയത്തിൽ ചില ഭേദഗതികൾ വരുത്തി സർക്കാരിന് സമർപ്പിക്കുകയുണ്ടായിയെങ്കിലും ഇവ പരിഗണിയ്ക്കുകയുണ്ടായില്ല എന്ന് ചില അംഗങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി. |
| (സി) സർക്കാർ സ്പോർട്സ് രംഗത്ത് അനുവർത്തിക്കുന്ന നയം കായികരംഗത്തെ പിന്നോട്ടടിപ്പിക്കുന്നതാണെന്ന ആക്ഷേപം പരിശോധിക്കുമോ ; | (സി) 2000-ലെ കേരള സ്പോർട്സ് ആക്ടിൽ അധിഷ്ഠിതമായി 'എല്ലാവർക്കും സ്പോർട്സ് എല്ലാവർക്കും ആരോഗ്യം' എന്ന തത്വത്തിൽ ഊന്നിക്കൊണ്ട് എല്ലാ ജനങ്ങളിലും ആരോഗ്യപരമായ ജീവിതശൈലി കായികരംഗത്തിലൂടെ പ്രോത്സാഹിപ്പിക്കുന്നതിനും ഒപ്പം ദേശീയ അന്തർദേശീയതലങ്ങളിൽ കായികരംഗത്ത്, കായികയുവജനകാര്യ വകുപ്പ്, കായികയുവജനകാര്യാലയം, സംസ്ഥാന സ്പോർട്സ് കൗൺസിൽ എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ മികവ് കൈവരിക്കുന്നതിനും ലക്ഷ്യമിട്ടാണ് സംസ്ഥാന സർക്കാർ കായികനയം പ്രഖ്യാപിച്ചിരിക്കുന്നത്. വിവിധ തലത്തിലുള്ള ചർച്ചകൾക്കും സംവാദങ്ങൾക്കും ശേഷമുള്ള അഭിപ്രായസമന്വയത്തിന്റെ ഭാഗമായി തയ്യാറാക്കിയ പ്രസ്തുതനയം മന്ത്രിസഭ |

അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കായികനയം പരിഗണിച്ച നിമയസഭാ സബ്ജക്ട് കമ്മിറ്റി നയത്തിൽ വരുത്തേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുകയും അതിനനുസരിച്ച് ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. മേൽ സാഹചര്യത്തിൽ കായികനയം കായിക രംഗത്തെ പിന്നോട്ടടിപ്പിക്കുന്നതാണെന്ന ആക്ഷേപത്തിന് യാതൊരു അടിസ്ഥാനവുമില്ല.

(ഡി) സ്പോർട്സ് രംഗത്ത് സർക്കാരിന്റെ നോഡൽ ഏജൻസികളായി പ്രവർത്തിക്കുന്നത് ഏതൊക്കെ സ്ഥാപനങ്ങളാണ് ?

(ഡി) കായികയുവജനകാര്യാലയവും, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റും നോഡൽ ഏജൻസികളായി പ്രവർത്തിക്കുന്നു.

**സെക്ഷൻ ഓഫീസർ**